"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - മൂലത്തറ വലതുകര കനാൽ വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്നതിന് ആവശ്യമായ 2087.97 സെന്റ് ഭൂമി ലാന്റ് അക്വിസിഷൻ പ്രകാരം ഏറ്റെടുക്കുന്നതിന് തത്വത്തിലുള്ള പുതുക്കിയ ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (അന്തർസംസ്ഥാന നദീജല സെൽ) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/WRD          തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:-
1. 16.03.2020 ലെ സ.ഉ(സാധാ)നം.231/2020/ജ.വി.വ.
2. 05.05.2020ലെ സ.ഉ(സാധാ)നം.1687/2020/റ. വ.
3. 06.11.2019ലെ സ.ഉ(കൈ)നം. 48/2019/ജ.വി.വ.
4. 19.06.2020 ലെ സ.ഉ(സാധാ)നം.400/2020/ജ.വി.വ.
5. ജലസേചന വകുപ്പ്, പ്രൊജക്ട്സ് -1 ചീഫ് എഞ്ചിനീയറുടെ 06.02.2025 ലെ CEP1/159/2024-WP4 നമ്പർ കത്ത്
6. 02.09.2025 ലെ സ.ഉ(സാധാ)നം.741/2025/ജ.വി.വ.
7. ജലസേചന വകുപ്പ്, പ്രൊജക്ട്സ് -1 ചീഫ് എഞ്ചിനീയറുടെ 21.10.2025, 29.10.2025 എന്നീ തീയതികളിലെ 2 പി.എഫ്.935/2025 നമ്പർ കത്തുകൾ

**ഉത്തരവ്**

1. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ മഴനിഴൽ പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയായ മൂലത്തറ വലതുകര കനാൽ, വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്ന പ്രവൃത്തിയ്ക്കായി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ എരുത്തേമ്പതി, ഒഴലപതി, വടകരപതി എന്നീ വില്ലേജുകളിലെ 1584 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം 12 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് പരാമർശം (2) പ്രകാരം പാലക്കാട് ജില്ലാ കളക്ടറെയും പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (3) പ്രകാരം പ്രകാരം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെയും (KIIDC) ചുമതലപ്പെടുത്തുകയുണ്ടായി. പിന്നീട് പരാമർശം (1) -ൽ ഭേദഗതി വരുത്തി ഭൂമി ഏറ്റെടുക്കുന്നതിന് അനുവദിച്ച 12 കോടി രൂപയിൽ നിന്നും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 2.6782 കോടി രൂപ പരാമർശം (4) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരവെ കനാൽ അലൈൻമെന്റിൽ മാറ്റം വരുത്തേണ്ട സാഹചര്യം KIIDC റിപ്പോർട്ട് ചെയ്യുകയും പുതുക്കിയ അലൈൻമെന്റ് പ്രകാരം 2087.97 സെന്റ് ഭൂമി

ഏറ്റെടുക്കേണ്ടതുണ്ടെന്ന് കാണുകയുമുണ്ടായെന്നും ആയതിനാൽ ഭൂമി ഏറ്റെടുക്കലിന് മൊത്തം **35,43,21,934/-** രൂപ (മുപ്പത്തിയഞ്ചു കോടി നാല്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി തൊള്ളായിരത്തി മുപ്പത്തിനാല് രൂപ) ചെലവ് വരുമെന്നും അറിയിച്ച് പരാമർശം (5) പ്രകാരം പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ പ്രൊജക്ട്സ് -1 സമർപ്പിച്ചു. പ്ലാൻ ഫണ്ടിൽ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള തുക അപര്യാപ്തമായതിനാൽ മൊത്തം തുകയായ **35,43,21,934/-** രൂപയിൽ നിന്ന് ഈ പദ്ധതിക്കുവേണ്ടി മുൻ വർഷങ്ങളിൽ അനുവദിച്ച തുകയായ **9,46,21,552/-** രൂപയും, മൂലത്തറ ആർബി കനാൽ **4700-25-800-92** എന്ന ശീർഷകത്തിൽ **2025-2026** ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള **1.00** കോടി രൂപയും കുറച്ച് ബാക്കി തുകയായ **24,97,00,382/-** രൂപ അനുവദിക്കണമെന്നുമാണ് ചീഫ് എഞ്ചിനീയർ പ്രൊജക്ട്സ് -1 അഭ്യർത്ഥിച്ചിരുന്നത്.

**2.** തുടർന്ന് പരാമർശം (6) പ്രകാരം നവകേരള സദസ്സിന്റെ ഭാഗമായി പ്രസ്തുത പ്രവൃത്തിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 7 കോടി രൂപയുടെ ഭരണാനുമതിയും നൽകി.

**3.** പദ്ധതിയ്ക്ക് വേണ്ടി **2087.97** സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് ആകെ ആവശ്യമായ **35,43,21,934/-** രൂപയിൽ ഈ പദ്ധതിക്ക് നീക്കി വച്ചിരിക്കുന്ന **17,46,21,552/-** രൂപ കഴിച്ച് **17,97,00,382/-** (പതിനേഴ് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി മുന്നൂറ്റി എൺപത്തി രണ്ട് രൂപ) രൂപയാണ് ഇനി ആവശ്യമായി വരുന്നതെന്നും **RFCTLARR Act 2013** അനുശാസിക്കുന്ന പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വേണ്ടി വരുമെന്ന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (ജനറൽ) -1, പാലക്കാട് അറിയിച്ചിട്ടുണ്ടെന്നും നിലവിൽ അനുവദിച്ചിരിക്കുന്ന ഫണ്ട് ഈ സാമ്പത്തിക വർഷത്തിലെ ലാന്റ് അക്വിസിഷൻ ചെലവിന് മതിയാകുന്നതായിരിക്കുമെന്നും ആവശ്യമായ ബാക്കി ഫണ്ട് വരും സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിലൂടെ വകയിരുത്തി ലഭ്യമാക്കി ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കാവുന്നതാണെന്നും ആയതിനാൽ പുതുക്കിയ ഭരണാനുമതി നൽകണമെന്നും അഭ്യർത്ഥിച്ച് ചീഫ് എഞ്ചിനീയർ പ്രൊജക്ട്സ് -1 പരാമർശം (7) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതിക്കായി ആകെ വേണ്ടിവരുന്നത് **35,43,21,934/-** രൂപയാണ്. അതിൽ **17,46,21,552/-** രൂപ ഇതിനകം തന്നെ ലഭ്യമാണ്. ഇനി **17,97,00,382/-** രൂപയാണ് ആവശ്യമായി വരുന്ന തുക. അന്തർസംസ്ഥാന നദീജല ഉപയോഗം ഉറപ്പാക്കുന്നതിനാൽ കാവേരി ട്രിബ്യൂണൽ ഉത്തരവ് പ്രകാരം വളരെ പ്രാധാന്യം അർഹിക്കുന്ന പ്രവൃത്തിയാണിത്. ലാന്റ് അക്വിസിഷൻ പൂർത്തിയാക്കുക എന്നത് കാലതാമസമുള്ള പ്രക്രിയയായതിനാൽ ഇപ്പോൾ ലഭ്യമായ തുക തന്നെ ചെലവഴിക്കുന്നതിന് വർഷങ്ങൾ എടുക്കും. പ്രസ്തുത സാഹചര്യത്തിൽ മൂലത്തറ വലതുകര കനാൽ വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്നതിന് ആവശ്യമായ **17,46,21,552/-** രൂപ ലഭ്യമായിട്ടുള്ളത് കണക്കിലെടുത്തും ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാക്കാൻ വർഷങ്ങൾ

വേണ്ടിവരുമെന്നുള്ളതിനാലും പദ്ധതിയ്ക്ക് ആവശ്യമായ 2087.97 സെന്റ് ഭൂമി ലാന്റ് അക്വിസിഷൻ പ്രകാരം ഏറ്റെടുക്കുന്നതിന് **35,43,21,934/- (മുപ്പത്തിയഞ്ചു കോടി നാല്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി തൊള്ളായിരത്തി മുപ്പത്തിനാല് രൂപ)** രൂപയുടെ തത്വത്തിലുള്ള പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, പ്രൊജക്ട്സ്-I, കോഴിക്കോട്
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ& ഇ), കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പിന്
4. റവന്യൂ വകുപ്പിന് (24.12.2025 ലെ REV-B2/320/2025-REV പ്രകാരം)
5. പൊതുഭരണ(എസ്.സി) വകുപ്പിന് (14.01.2026 ലെ ഇനം നമ്പർ 3542 പ്രകാരം)
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Resmi B
Date: 17-01-2026 11:02:24
സെക്ഷൻ ഓഫീസർ

പകർപ്പ്:
1. ജലവിഭവ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. വൈദ്യുതി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-01-2026

ഫയൽ നം. ഐ.എസ്.ഡബ്ല്യൂ.സി2/66/2025/ജ.വി.വ. ഇനം നം: 3542

വിഷയം : ജലവിഭവ വകുപ്പ് - മൂലത്തറ വലതുകര കനാൽ, വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ലാന്റ് അക്വിസിഷൻ പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, WATER RESOURCES DEPARTMENT
16 JAN 2026

12.15 PM
16/1/26

3542

**കേരള സർക്കാർ**

**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഐ.എസ്.ഡബ്ല്യൂസി2/66/2025-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (അന്തർ സംസ്ഥാന നദീജല സെൽ) വകുപ്പ് |
| 3. | വിഷയം | : | ജലവിഭവ വകുപ്പ്- മൂലത്തറ വലതുകര കനാൽ, വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ലാന്റ് അക്വിസിഷൻ പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 20/11/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ഹസീന പി.എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.01.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.01.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 13.01.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.01.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ മഴനിഴൽ പ്രദേശത്ത് വെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയായ മൂലത്തറ വലതുകര കനാൽ, വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ലാന്റ് അക്വിസിഷൻ പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. പ്രസ്തുത പ്രവൃത്തിയ്ക്കായി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ എരുത്തേമ്പതി, ഒഴലപതി, വടകരപതി എന്നീ വില്ലേജുകളിലെ 1584 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 16.03.2020 ലെ GO(Rt) No.231/2020/WRD പ്രകാരം 12 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 05.05.2020-ൽ സ.ഉ(സാധാ)നം.1687/2020/RD പ്രകാരം ഉത്തരവായി. പദ്ധതി നടപ്പിലാക്കുന്നതിന് 06.11.2019-ലെ GO(Ms) No. 48/2019/WRD പ്രകാരം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (KIIDC) ചുമതലപ്പെടുത്തുകയും ചെയ്തു. പിന്നീട് GO(Rt) No.231/2020/WRD ഉത്തരവിൽ ഭേദഗതി വരുത്തി ഭൂമി ഏറ്റെടുക്കുന്നതിന് അനുവദിച്ച 12 കോടി രൂപയിൽ നിന്നും പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 2.6782 കോടി രൂപ 19.06.2020 തീയതിയിലെ GO(Rt) No.400/2020/WRD പ്രകാരം അനുവദിച്ച് ഉത്തരവായി.

3. പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരവെ കനാൽ അലൈൻമെന്റിൽ മാറ്റം വരുത്തേണ്ട സാഹചര്യം KIIDC റിപ്പോർട്ട് ചെയ്യുകയും പുതുക്കിയ അലൈൻമെന്റ് പ്രകാരം 2087.97 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്ന് കാണുകയുമുണ്ടായെന്നും ആയതിനാൽ ഭൂമി ഏറ്റെടുക്കലിന് മൊത്തം 35,43,21,934/- രൂപ (മുപ്പത്തിയഞ്ചു കോടി നാല്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി തൊള്ളായിരത്തി

മുപ്പത്തിനാല് രൂപ) ചെലവ് വരുമെന്നും അറിയിച്ച് പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ പ്രൊജക്ട്സ് -1 സമർപ്പിക്കുകയുണ്ടായി. പ്ലാൻ ഫണ്ടിൽ നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള തുക അപര്യാപ്തമായതിനാൽ മൊത്തം തുകയായ 35,43,21,934/- രൂപയിൽ നിന്ന് ഈ പദ്ധതിക്കു വേണ്ടി മുൻ വർഷങ്ങളിൽ അനുവദിച്ച തുകയായ 9,46,21,552/- രൂപയും (ഒൻപതു കോടി നാല്പത്തിയാറ് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അഞ്ഞൂറ്റി അമ്പത്തി രണ്ടു രൂപ മാത്രം), മൂലത്തറ ആർബി കനാൽ H/A 4700-25-800-92 എന്ന ശീർഷകത്തിൽ 2025-2026 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1.00 കോടി രൂപയും (ഒരു കോടി രൂപ) കുറച്ച് ബാക്കി തുകയായ 24,97,00,382/- രൂപ (ഇരുപത്തിനാല് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി മുന്നൂറ്റി എൺപത്തി രണ്ടു രൂപ മാത്രം) അനുവദിക്കണമെന്നും ചീഫ് എഞ്ചിനീയർ പ്രൊജക്ട്സ് -1 അഭ്യർത്ഥിച്ചിരുന്നു.

4. ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അറിയിക്കുകയുണ്ടായി:

"Since there is no sufficient provision under plan, Finance defers the proposal. This has the approval of Hon'ble Minister(Finance)"

5. എന്നാൽ നവകേരള സദസ്സിന്റെ ഭാഗമായി പ്രസ്തുത പ്രവൃത്തിയ്ക്ക് 02.09.2025 ലെ G.O.(Rt)No.741/2025/WRD പ്രകാരം 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

6. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ മഴനിഴൽ പ്രദേശത്ത് വെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള ഈ പദ്ധതി നടപ്പിലാക്കിയാൽ 6100 ഹെക്ടറിലധികം ഭൂമിയിൽ സുസ്ഥിര ജലസേചന വികസനം സാധ്യമാകും. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്തെ ചെറുത്തു തോൽപ്പിക്കാൻ കഴിയുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സാങ്കേതിക വിദ്യയിലൂടെയാണ് ഈ സ്ഥലത്ത് പദ്ധതിയുടെ ജലസേചന സൗകര്യം ഏർപ്പെടുത്തുക എന്നതുകൊണ്ടും പദ്ധതി പ്രത്യേക പ്രാധാന്യം

അർഹിക്കുന്നതാണ്. കുറഞ്ഞ അളവിലുള്ള വെള്ളം ഉപയോഗിച്ച് കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യം ഉറപ്പാക്കി കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ കഴിയുമെന്നതും ഈ പദ്ധതിയുടെ പ്രത്യേകതയാണ്. ആയതിനാൽ ഈ സാമ്പത്തിക വർഷം ലഭ്യമായ തുക മാത്രമേ ചെലവഴിക്കൂ എന്ന നിബന്ധനയിൽ പിന്നീട് ആവശ്യമായ വരുന്ന തുക തുടർവർഷത്തെ ബഡ്ജറ്റിലൂടെ കണ്ടെത്താൻ കഴിയുമെന്ന ഉറപ്പ് നൽകി പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചതിൻ പ്രകാരം ചീഫ് എഞ്ചിനീയർ പ്രൊജക്ട്സ് 1 പ്രൊപ്പോസൽ സമർപ്പിച്ചു.

7. ഈ പദ്ധതിക്ക് ലാന്റ് അക്വിസിഷൻ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് നാളിതുവരെ ഫണ്ട് നീക്കിവച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് കൈമാറിയ തുക | : 9,46,21,552/- |
| 2025- 26 ബഡ്ജറ്റിൽ ഈ പദ്ധതിക്ക് നീക്കി വച്ചിട്ടുള്ള തുക | : 1.00 കോടി |
| നവകേരള സദസ്സ് പ്രകാരം അനുവദിച്ച ഈ പദ്ധതിക്ക് വേണ്ടി നീക്കി വച്ചിട്ടുള്ള തുക | : 7.00 കോടി |
| ആകെ | : 17,46,21,552/- |

8. 2087.97 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് ആകെ ആവശ്യമായ 35,43,21,934/- രൂപയിൽ ഈ പദ്ധതിക്ക് നീക്കി വച്ചിരിക്കുന്ന 17,46,21,552/- രൂപ കഴിച്ച് 17,97,00,382/- (പതിനേഴ് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി മുന്നൂറ്റി എൺപത്തി രണ്ട് രൂപ) രൂപയാണ് ഇനി ആവശ്യമായി വരുന്നത്.

9. RFCTLARR Act 2013 അനുശാസിക്കുന്ന പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വേണ്ടി വരുമെന്ന് സ്പെഷ്യൽ തഹസിൽദാർ,

എൽ.എ. (ജനറൽ) -1, പാലക്കാട് അറിയിച്ചിട്ടുണ്ടെന്നും ഈ പദ്ധതിക്കു വേണ്ടി നിലവിൽ അനുവദിച്ചിരിക്കുന്ന ഫണ്ട് ഈ സാമ്പത്തിക വർഷത്തിലെ ലാന്റ് അക്വിസിഷൻ ചെലവിന് മതിയാകുന്നതായിരിക്കുമെന്നും ആവശ്യമായ ബാക്കി ഫണ്ട് വരും സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിലൂടെ വകയിരുത്തി ലഭ്യമാക്കി ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കാവുന്നതാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10. പ്രസ്തുത സാഹചര്യത്തിൽ പ്രൊപ്പോസൽ Special Working Group-ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം നൽകി:

**"There must be sufficient provision in the Plan for placing the proposal in the Special Working Group. In the current year there is only a provision of Rs. 1 crore in the Plan. Moreover the proposal for additional fund has been deferred by this department ( remarks dated on 21/08/2025). Based on the above the proposal need not be placed in the Special Working Group Meeting.**

**This has the approval of Hon'ble Minister(Finance)"**

11. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

**"പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ മൂലത്തറ വലതുകര കനാൽ (രണ്ടാം ഘട്ടം) വരട്ടയാർ മുതൽ വേലാന്തളം വരെ ദീർഘിപ്പിക്കൽ പദ്ധതിയുടെ നിർദ്ദിഷ്ട അലൈൻമെന്റ് സ്കെച്ചിലെ വ്യത്യാസം മൂലം ആദ്യം ലഭിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 76 സർവ്വേ നമ്പരുകൾക്കു പുറമേ ചിറ്റൂർ താലൂക്കിൽ ഒഴലപ്പതി വില്ലേജിൽ ബ്ലോക്ക് 27 റീസർവ്വേ നം. 388, വടകരപ്പതി വില്ലേജിൽ ബ്ലോക്ക് 27 സർവ്വേ നം. 194, ബ്ലോക്ക് 25-ൽ സർവ്വേ നം. 219, 221, 253, 303, 310, 311, 313, 317, 318, 433 എന്നീ സർവ്വേ നമ്പറുകൾ കൂടി ഉൾപ്പെടുത്തി ആകെ 88 സർവ്വേ**

നമ്പരുകളിലായി 2087.97 സെന്റ് ഭൂമി പദ്ധതിക്കാവശ്യമായി വരുമെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ലാന്റ് അക്വിസിഷൻ ഓഫീസറിൽ നിന്നും ലഭിച്ച ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ മേൽ പദ്ധതിയിൽ 61 സർവെ നമ്പരുകൾ 'പുരയിടം' തരത്തിലും, 9 സർവെ നമ്പരുകൾ 'നിലം' തരത്തിലും, 18 സർവെ നമ്പരുകൾ 'പുറമ്പോക്ക്' ഭൂമിയിലും ഉൾപ്പെട്ടവയാണ്. ഓരോ കൈവശക്കാരിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയുടെയും, പദ്ധതിയിലുൾപ്പെട്ട പുറമ്പോക്ക് ഭൂമിയുടെയും യഥാർത്ഥ വിസ്തീർണ്ണവിവരങ്ങൾ പദ്ധതി നടപ്പിലാക്കുന്ന തുടർ ഘട്ടങ്ങളിൽ മാത്രമേ വ്യക്തമായി അറിവാകൂ എന്നും പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ആയതിനാൽ, മൂലത്തറ വലതുകര കനാൽ (രണ്ടാം ഘട്ടം) വരട്ടയാർ മുതൽ വേലാന്തളം വരെ ദീർഘിപ്പിക്കൽ പദ്ധതിക്ക് അധിക സർവ്വേ നമ്പറുകളിലുൾപ്പെട്ട സ്വകാര്യ ഭൂമി 2013-ലെ RFCTLARR Act പ്രകാരം ഏറ്റെടുക്കേണ്ടതുണ്ടെങ്കിൽ, GO (Ms) No. 56/2019/RD dated 14.02.2019 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം, ഫണ്ട് ലഭ്യത ഉറപ്പു വരുത്തി ഭരണവകുപ്പ് പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും അർത്ഥനാധികാരിയുടെ പുതുക്കിയ റിക്വിസിഷൻ ഫോം സഹിതം

ആവശ്യമായ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ അധിക ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ അനുമതി ഉത്തരവ് പുതുക്കുന്നതിന് സാധിക്കുകയുള്ളൂ".

12. ഈ പദ്ധതിക്കായി ആകെ വേണ്ടിവരുന്നത് 35,43,21,934/- രൂപയാണ്. നിലവിൽ അനുവദിച്ച 9,46,21,552/-രൂപ, ബജറ്റിൽ ഈ വർഷം നീക്കിവച്ചിട്ടുള്ള ഒരു കോടി, നവകേരള സദസ്സ് പ്രകാരം അനുവദിച്ച 7 കോടി എന്നിങ്ങനെ ആകെ 17,46,21,552/- രൂപ ഇതിനകം തന്നെ ലഭ്യമാണ്. അന്തർസംസ്ഥാന നദീജല

ഉപയോഗം ഉറപ്പാക്കുന്നതിനാൽ കാവേരി ട്രിബ്യൂണൽ ഉത്തരവ് പ്രകാരം വളരെ പ്രാധാന്യം അർഹിക്കുന്ന പ്രവൃത്തിയാണിത്. ലാന്റ് അക്വിസിഷൻ പൂർത്തിയാകാൻ നിരവധി വർഷങ്ങൾ എടുക്കുന്ന ഒരു പ്രക്രിയയായതിനാൽ ഇപ്പോൾ ലഭ്യമായ തുക തന്നെ ചെലവഴിക്കുന്നതിന് വർഷങ്ങൾ എടുക്കും. ആയതിനാൽ തന്നെ ഈ പദ്ധതിക്കായി തത്വത്തിലുള്ള അംഗീകാരം മാത്രമേ നൽകേണ്ടതുള്ളൂ. യഥാർത്ഥത്തിൽ അവയുടെ കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരും വർഷങ്ങളിൽ അനുവദിക്കാവുന്നതാണ്. കൂടാതെ ഇനി 17,97,00,382/- (പതിനേഴ് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി മുന്നൂറ്റി എൺപത്തി രണ്ട് രൂപ) രൂപയേ ആവശ്യം വരുന്നുള്ളൂ എന്നതിനാലും ആയത് പലവർഷങ്ങളായി മാത്രം ആവശ്യമുള്ളതിനാലും വലിയ വാർഷിക സാമ്പത്തിക ബാദ്ധ്യതയും വരുന്നില്ല. മേൽ സാഹചര്യത്തിൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനക്ക് വച്ച് തത്വത്തിലുള്ള അംഗീകാരം നൽകുന്നതിന് അനുമതിയ്ക്കായി സമർപ്പിച്ചപ്പോൾ ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

മൂലത്തറ വലതുകര കനാൽ, വരട്ടയാർ മുതൽ വേലന്താവളം വരെ ദീർഘിപ്പിക്കുന്നതിന് ആവശ്യമായ 17,46,21,552/- രൂപ ലഭ്യമായിട്ടുള്ളത് കണക്കിലെടുത്തും ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാക്കാൻ വർഷങ്ങൾ വേണ്ടിവരുമെന്നുള്ളതിനാലും ഈ പദ്ധതിയ്ക്ക് ആവശ്യമായ 2087.97 സെന്റ് ഭൂമി ലാന്റ് അക്വിസിഷൻ പ്രകാരം ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് 35,43,21,934/- രൂപയുടെ തത്വത്തിലുള്ള പുതുക്കിയ ഭരണാനുമതി നൽകാവുന്നതാണോ?

| | | |
|---|---|---|
| **GOVERNMENT OF KERALA**<br>**(SHRI PINARAYI VIJAYAN MINISTRY)**<br>**NOTE FOR COUNCIL OF MINISTERS** | | |
| 1. | File Number | ISWC2/66/2025-WRD |
| 2. | Department | Water Resources (Inter State Water Cell) Department |
| 3. | Subject | Water Resources Department- Administrative Sanction for the land acquisition for the extension of the Moolathara Right Bank Canal from Varattayar to Velanthavalam-reg |
| 4. | Date of Chief Minister order for placing before the Council | 20/11/2025 |
| 5. | (i)Does the case involve financial commitments/implications | Yes. |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes |
| 7. | Name of Joint Secretary who submitted the Draft Note | Smt. Hazeena P.S. |
| 8. | Name of Additional Chief Secretary who approved the Draft Note | Bishwanath Sinha |
| 9. | Date of Approval of the Draft Note for the Council by the Additional Chief Secretary | 12.01.2026 |
| 10. | Name of Chief Secretary who approved the Draft Note | Dr. A Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 13.01.2026 |
| 12. | Name of Minister who approved the Draft Note | Shri Roshy Augustine |
| 13. | Date of approval of the Draft Note for the Council by the Minister | 13.01.2026 |
| 14. | Date of submission of fair copies | 13.01.2026 |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./ letter communicating the decision. | |

# <u>Notes for Council of Ministers</u>

This note is regarding according Administrative Sanction for the land acquisition for the extension of the Moolathara Right Bank Canal from Varattayar to Velanthavalam, a project envisaged to bring water to the rain shadow area of Chittur taluk in Palakkad district.

2. Administrative Sanction was given for the acquisition of 1584 cents of land in the villages of Eruthempathy, Ozhalapathy and Vadakarapathy in Chittoor taluk of Palakkad district for the said work vide GO(Rt) No.231/2020/WRD dated 16.03.2020 for an amount of Rs. 12 Crore. Subsequently, as per G.O.(MS) No. 1687/2020/RD dated 05.05.2020 the Palakkad District Collector was entrusted the responsibility of acquiring the land. The implementation of the work was assigned to Kerala Irrigation Infrastructure Development Corporation Ltd (KIIDC) as per G.O.(MS) No. 48/2019/WRD dated 06.11.2019. Later, GO(Rt) No.231/2020/WRD was amended vide GO(Rt) No.400/2020/WRD dated 19.06.2020 allocating Rs. 2.6782 crore for the investigation work of the said work out of the Rs. 12 crore.

3. While the works were being undertaken and carried out, KIIDC reported the need to change the canal alignment and it was found that 2087.97 cents of land would have to be acquired as per the revised alignment, and therefore the total cost of land acquisition would be Rs. 35,43,21,934/- (Rupees Thirty five crore Forty three lakh Twenty one Thousand Nine Hundred and thirty four only) and the Chief Engineer Projects-1 submitted a proposal for revised administrative sanction. Since the amount currently available for land acquisition in the Plan Fund is insufficient, the Chief Engineer Projects-1 had also requested to sanction Rs. 24,97,00,382/- (Rupees Twenty Four Crore Ninety Seven Lakh Three Hundred Eighty Two only) by deducting Rs. 9,46,21,552/- (Rupees Nine Crore Forty Six Lakh Twenty One Thousand Five Hundred Fifty Two only)- the amount previously allocated for this project and the amount of Rs. 1.00 crore (Rupees One Crore only) allocated in the 2025-

2026 budget in the H/A 4700-25-800-92, from the total amount of Rs. 35,43,21,934/-.

4. When the file was forwarded to Finance Department, that department remarked as follows:

*"Since there is no sufficient provision under plan, Finance defers the proposal.*

*This has the approval of Hon'ble Minister(Finance)"*

5. Later, as part of the Nava Kerala Sadass, administrative sanction of Rs. 7 crore was given for the said work vide G.O.(Rt)No.741/2025/WRD dated 02.09.2025.

6. This project, which aims to provide water to the rain shadow area of Chittur taluk in Palakkad district, will enable sustainable irrigation development in over 6100 hectares of land. The project is of particular importance as it will provide irrigation facilities in this area through community micro-irrigation technology, which can combat the impact of climate change. The project is also unique in that it will double the income of farmers by providing irrigation facilities to more areas using less water. Therefore, the Chief Engineer Projects 1 submitted a proposal, as directed, for revised administrative sanction for consideration by the Special Working Group, subject to the condition that only the amount available for this financial year will be spent and the required amount will be found from the budget of the following years.

7. The details of funds allocated for the acquisition of land for this project under Land Acquisition till date are given below:

| | |
|---|---|
| Amount transferred to the Land AcquisitionTahsildar | : 9,46,21,552/- |
| Amount allocated in the budget 2025- 26 | : 1.00 crore |
| Amount sanctioned as per Nava Kerala Sadass | : 7.00 crore |
| Total | : 17,46,21,552/- |

8. Out of the total amount of Rs. 35,43,21,934/- required for the acquisition of 2087.97 cents of land, after deducting the Rs. 17,46,21,552/- which is set aside for this project, an amount of Rs. 17,97,00,382/- (Rupees Seventeen Crore Ninety Seven Lakh Three Eighty Two only) is required further.

9. The Special Tahsildar, L.A. (General) -1, Palakkad has informed that it will take at least two years to acquire the land as per the provisions of the RFCTLARR Act 2013 and the Chief Engineer has reported that the funds currently allocated for this project will be sufficient for the land acquisition cost of this financial year and the remaining funds required can be allocated and made available through the budget of the coming financial years to complete the land acquisition.

10. In the circumstances, when the proposal was sent to the Finance Department for consideration by placing before Special Working Group, that department remarked as follows:

***“There must be sufficient provision in the Plan for placing the proposal in the Special Working Group. In the current year there is only a provision of Rs. 1 crore in the Plan. Moreover the proposal for additional fund has been deferred by this department (remarks dated on 21/08/2025). Based on the above the proposal need not be placed in the Special Working Group Meeting.***

***This has the approval of Hon'ble Minister(Finance)”***

11. The remarks of Revenue Department in this matter is given below:

**'പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ മൂലത്തറ വലതുകര കനാൽ (രണ്ടാം ഘട്ടം) വരട്ടയാർ മുതൽ വേലാന്തളം വരെ ദീർഘിപ്പിക്കൽ പദ്ധതിയുടെ നിർദ്ദിഷ്ട**

അലൈൻമെന്റ് സ്കെച്ചിലെ വ്യത്യാസം മൂലം ആദ്യം ലഭിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 76 സർവ്വേ നമ്പരുകൾക്കു പുറമേ ചിറ്റൂർ താലൂക്കിൽ ഒഴലപ്പതി വില്ലേജിൽ ബ്ലോക്ക് 27 റീസർവ്വേ നം. 388, വടകരപ്പതി വില്ലേജിൽ ബ്ലോക്ക് 27 സർവ്വേ നം. 194, ബ്ലോക്ക് 25-ൽ സർവ്വേ നം. 219, 221, 253, 303, 310, 311, 313, 317, 318, 433 എന്നീ സർവ്വേ നമ്പറുകൾ കൂടി ഉൾപ്പെടുത്തി ആകെ 88 സർവ്വേ നമ്പരുകളിലായി 2087.97 സെന്റ് ഭൂമി പദ്ധതിക്കാവശ്യമായി വരുമെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ലാന്റ് അക്വിസിഷൻ ഓഫീസറിൽ നിന്നും ലഭിച്ച ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ മേൽ പദ്ധതിയിൽ 61 സർവെ നമ്പരുകൾ 'പുരയിടം' തരത്തിലും, 9 സർവെ നമ്പരുകൾ 'നിലം' തരത്തിലും, 18 സർവെ നമ്പരുകൾ 'പുറമ്പോക്ക്' ഭൂമിയിലും ഉൾപ്പെട്ടവയാണ്. ഓരോ കൈവശക്കാരിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയുടെയും, പദ്ധതിയിലുൾപ്പെട്ട പുറമ്പോക്ക് ഭൂമിയുടെയും യഥാർത്ഥ വിസ്തീർണ്ണവിവരങ്ങൾ പദ്ധതി നടപ്പിലാക്കുന്ന തുടർ ഘട്ടങ്ങളിൽ മാത്രമേ വ്യക്തമായി അറിവാകൂ എന്നും പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ആയതിനാൽ, മൂലത്തറ വലതുകര കനാൽ (രണ്ടാം ഘട്ടം) വരട്ടയാർ മുതൽ വേലാന്തളം വരെ ദീർഘിപ്പിക്കൽ പദ്ധതിക്ക് അധിക സർവ്വേ നമ്പറുകളിലുൾപ്പെട്ട സ്വകാര്യ ഭൂമി 2013-ലെ RFCTLARR Act പ്രകാരം ഏറ്റെടുക്കേണ്ടതുണ്ടെങ്കിൽ, GO (Ms) No. 56/2019/RD dated 14.02.2019 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം, ഫണ്ട് ലഭ്യത ഉറപ്പു വരുത്തി ഭരണവകുപ്പ് പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും അർത്ഥനാധികാരിയുടെ പുതുക്കിയ റിക്വിസിഷൻ ഫോം സഹിതം ആവശ്യമായ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ അധിക ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ അനുമതി ഉത്തരവ് പുതുക്കുന്നതിന് സാധിക്കുകയുള്ളൂ".

12. The total amount required for this project is Rs. 35,43,21,934/-. A total of Rs.17,46,21,552/- is available, including the already allotted Rs.9,46,21,552, the budget allocation of Rs. 1 crore in this year, and the allocation of Rs. 7 crore under Nava Kerala Sadass. This is an important work as per the order of the Cauvery Tribunal as it ensures the use of inter-state river water. Since land acquisition is a process which takes many years for

completion, it will take years to spend the amount available now. Therefore, only in-principle approval should be given for this project. In fact, exact estimates can be prepared and sanctioned in the coming years. Moreover, since only Rs. 17,97,00,382/- (Rupees Seventeen Crore Ninety seven Lakh three hundred and eighty two only) is required, it will not be an annual financial liability as it has been required for many years. In the above circumstances, when the file was submitted for according in-principle approval for the work by placing before the Cabinet, the Hon. Chief Minister has ordered to place the matter before the Council of Ministers.

## **Point for decision**

By considering the fact that an amount of Rs.17,46,21,552/- is available for this project and land acquisition process takes years to complete, whether in principle revised administrative sanction may be accorded for the acquisition of 2087.97 cents of land required for the extension of Moolathara Right Bank Canal from Varattayar to Velanthavalam, by overruling the remarks of Finance Department, for an amount of Rs. 35,43,21,934/-(Rupees Thirty five crore Forty three lakh Twenty one thousand Nine hundred and thirty four only) ?